പാലക്കാട് ജില്ലയിൽ ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടി

66 (878) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി ഒന്ന്, രണ്ട് എന്നീ വില്ലേജുകളിലും മംഗലം ഡാം ഏരിയായിലും ഉൾപ്പെടുന്ന ഭൂമി പതിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ ഭൂമി പതിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് പറയുമോ ;

(സി) ഈ ഭാഗങ്ങളിൽ നിന്നും മൊത്തം എത്ര ഏക്കർ ഭൂമി പതിച്ച് നൽകുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) . പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി 1, 2 വില്ലേജുകളിലും മംഗലം ഡാം ഏരിയായിലും അർഹതപ്പെട്ട എല്ലാവർക്കും ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി പതിച്ച് നൽകുന്നതാണ്.

(സി) മംഗലം ഡാം പ്രദേശത്ത് യു. ടി. ടി. കമ്പനിയുടെ വക മിച്ചഭൂമി കേസ് തീരുമാനിച്ചാൽ മാത്രമേ എത്ര ഭൂമി പതിച്ച് നൽകുവാൻ കഴിയും എന്ന് കണക്കാക്കാൻ കഴിയൂ.

ഭൂചലനത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിനുള്ള നടപടി

67 (880) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അടുത്ത കാലത്തുണ്ടായ ഭൂചലനങ്ങളിൽ സംഭവിച്ച നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഇതിനോടകം ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കോട്ടയം ജില്ലയിലെ അകലക്കുന്നം പഞ്ചായത്തിലെ കാഞ്ഞിരമറ്റം ലക്ഷംവീട് കോളനിയിലെ എല്ലാ വീടുകൾക്കും ഭൂചലനം മൂലം ബലക്ഷയം ഉണ്ടായതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ആരെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ആര് നടത്തിയെന്നും അന്വേഷണ റിപ്പോർട്ട് എന്താണെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കഴിഞ്ഞ ഒരു മാസക്കാലമായി താൽക്കാലിക ടെന്റുകളിൽ താമസിക്കുന്ന ഈ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നത് ;

(ജി) ഭൂചലനത്തെ തുടർന്ന് ബലക്ഷയം വന്നിട്ടുള്ള ഇരട്ട വീടുകൾ പൊളിച്ച് പുതിയ ഒറ്റ വീടുകൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) കോട്ടയം ജില്ലയിൽ ഭൂകമ്പ സമയത്ത് മരണപ്പെട്ടയാൾക്ക് 30,000 രൂപ നൽകിയിട്ടുണ്ട്. മറ്റ് നാശനഷ്ടങ്ങൾ പരിശോധിച്ച് തിട്ടപ്പെടുത്തിയശേഷം കേന്ദ്രഗവൺമെന്റിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി&ഇ) ഉണ്ട്. ചെങ്ങളം (കിഴക്ക്) വില്ലേജ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 19 വീടുകളുടെ ഭിത്തികൾക്ക് പല സ്ഥലത്തും പൊട്ടൽ ഉണ്ടായിട്ടുള്ളതായും ആയതിന് 39,500 രൂപ നഷ്ടം സംഭവിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) പുനരധിവസിപ്പിക്കേണ്ട സാഹചര്യം നിലവിലുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ജി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

68 (881) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂചലനത്തോടനുബന്ധിച്ച് സുരക്ഷിതത്വം നഷ്ടപ്പെട്ടതായി ഗവൺമെന്റിന് റിപ്പോർട്ട് ലഭിച്ചിട്ടുള്ള എത്ര ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കെട്ടിടങ്ങളിൽ നിന്നും കുട്ടികളെ മാറ്റി മറ്റ് സ്ഥലങ്ങളിൽ പഠിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പുതുപ്പള്ളി ഗവൺമെന്റ് എൽ. പി. സ്കൂളിന്റെ രണ്ടുനില കെട്ടിടം സുരക്ഷിതത്വം ഇല്ലെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്താണ് അന്വേഷണ റിപ്പോർട്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) സുരക്ഷിതത്വം നഷ്ടപ്പെട്ട സ്കൂൾ കെട്ടിടത്തിനു പകരം കെട്ടിടം പണിയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly